**<u>ഭരണഭാഷ – മാതൃഭാഷ</u>**

നമ്പർ. കെ.ഐ.ഒ. 145/2025(6)

ജില്ലാ ഇൻഫർമേഷൻ ഓഫീസ്
കോട്ടയം. ഫോൺ: 0481 – 2562558
ഇ–മെയിൽ: prdktym@gmail.com
തീയതി: 03.04.2025

# <u>ക്വട്ടേഷൻ നോട്ടീസ്</u>

സംസ്ഥാന മന്ത്രിസഭയുടെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി 2025 ഏപ്രിൽ 25 മുതൽ മേയ് 1 വരെ കോട്ടയം നാഗമ്പടം മൈതാനത്ത് നടക്കുന്ന 'എന്റെ കേരളം' പ്രദർശന വിപണന മേള, 2025 ഏപ്രിൽ 29ന് ബഹു. മുഖ്യമന്ത്രി പങ്കെടുക്കുന്ന ജില്ലാതല യോഗം എന്നിവയുടെ പ്രചാരണാർത്ഥം കോട്ടയം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ തത്സമയ ക്വിസ് മത്സരവും കലാജാഥയും നടത്തുന്നതിന് പെർമിറ്റുള്ള ചെറിയ ഗുഡ്സ് വാഹനം ലഭ്യമാക്കുന്നതിന് സ്ഥാപനങ്ങൾ/വ്യക്തികളിൽനിന്ന് നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു.

വാഹനത്തിൽ 7 അടി x 7 അടി വീതിയിൽ താൽക്കാലികമായ സ്റ്റേജ്, സ്റ്റേജിൽ കയറാനുള്ള സ്റ്റെപ്പ്/റാമ്പ് (ഓരോ വേദിയിലും എത്തുമ്പോൾ താൽക്കാലികമായി വാഹനത്തിൽ ഘടിപ്പിക്കാവുന്നത്) എന്നിവ ഇതോടൊപ്പം തയാറാക്കി നൽകണം. പ്രസ്തുത ചെലവുകളും ഇന്ധനച്ചെലവും മറ്റു ചെലവുകളും എല്ലാ നികുതികളും അടക്കം കോട്ടയം ജില്ലയിൽ എവിടെയും ഒരു ദിവസം വാഹനം ലഭ്യമാക്കുന്നതിന് ചെലവാകുന്ന തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

കോട്ടയം ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നിന്ന് നൽകുന്ന ഡിസൈൻ പ്രകാരം വാഹനത്തിൽ പ്രചാരണ സ്റ്റിക്കറുകൾ അച്ചടിച്ച് നിയമം പാലിച്ച് പതിക്കാൻ/അലങ്കരിക്കാൻ അനുമതി നൽകണം. ഉപയോഗിക്കുന്ന വാഹനത്തിന് അപകടം മൂലമോ മറ്റേതെങ്കിലും രീതിയിലോ കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഉത്തരവാദിയായിരിക്കുന്നതല്ല. വാഹനത്തിന്റെ ഡ്രൈവർക്ക് കാലാവധിയുള്ള ലൈസൻസും വാഹനത്തിന് യോഗ്യമായ ആർ.സി. ബുക്കും ഇൻഷുറൻസും പെർമിറ്റും മറ്റു യോഗ്യമായ രേഖകളും ഉണ്ടായിരിക്കണം. വാഹനത്തിൽ വീഡിയോ വോൾ പ്രദർശിപ്പിക്കുന്നതിനും വാഹനത്തിന്റെ താൽക്കാലിക മോഡിഫിക്കേഷനും ആവശ്യമായ നിയമപരമായ എല്ലാ അനുമതികളും ക്വട്ടേഷൻ നേടുന്ന വ്യക്തി/സ്ഥാപനം നേടിയിരിക്കണം.


ക്വട്ടേഷൻ തുകയിൽനിന്ന് നിയമാനുസൃത ആദായനികുതി കിഴിവു ചെയ്യുന്നതാണ്. ക്വട്ടേഷൻ എടുക്കുന്ന സ്ഥാപനം/വ്യക്തിക്ക് ആധാറുമായി ബന്ധിപ്പിച്ചിട്ടുള്ള പാൻ കാർഡ് നിർബന്ധമാണ്. ഇല്ലെങ്കിൽ നിയമാനുസൃതമായ ശതമാനം ആദായനികുതി ഈടാക്കുന്നതാണ്. ജി.എസ്.ടി. ബാധകമല്ലാത്തവർ സാക്ഷ്യപത്രം നൽകണം.

ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ നിർദ്ദേശങ്ങൾ അനുസരിക്കാത്ത പക്ഷം ക്വട്ടേഷൻ എടുക്കുന്ന വ്യക്തി/സ്ഥാപനത്തിനെതിരേ നിയമനടപടി സ്വീകരിക്കാനുള്ള എല്ലാവിധ അധികാരവും കോട്ടയം ജില്ലാ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമാണ്. തർക്കം, കോടതി വ്യവഹാരങ്ങളുണ്ടായാൽ കോട്ടയം ജില്ലയായിരിക്കും അധികാരപരിധി.

ക്വട്ടേഷനുകൾ 2025 ഏപ്രിൽ 11 ന് ഉച്ചകഴിഞ്ഞ് 1.00 വരെ സ്വീകരിക്കും.

ക്വട്ടേഷനുകൾ 2025 ഏപ്രിൽ 11 ന് ഉച്ചകഴിഞ്ഞ് 4.30 ന് തുറക്കും.

ക്വട്ടേഷൻ സംബന്ധിച്ച അന്തിമ തീരുമാനം ജില്ലാ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.



അരുൺ കുമാർ എ.
(പെൻ നം. 673197)
ജില്ലാ ഇൻഫർമേഷൻ ഓഫീസർ
കോട്ടയം

1. പ്രസ് റിലീസ്
2. നോട്ടീസ് ബോർഡ്
3. കരുതൽ ഫയൽ
4. ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻഡ് ന്യൂ മീഡിയ, ഐ.& പി.ആർ.ഡി. ഡയറക്ടറേറ്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)